**പള്ളിക്കൂദാശാക്കാലം മൂന്നാം ഞായർ**

**യോഹ 2:13-22**

## പുനഃരുദ്ധരിക്കപ്പെടുന്ന ദൈവാലയം

**റവ. ഡോ. ഒ.സി. ജോസഫ്**

നാലു സുവിശേഷങ്ങളിലും ഒരുപോലെ കാണുന്ന സംഭവവിവരണമാണ് ദേവാലയ ശുദ്ധീകരണം (മത്താ 21:12-13; മർക്കോ 11:15-17; ലൂക്കാ 19:45-46). ഇതിൽ സമാന്തര സുവിശേഷങ്ങൾ ഈ വിവരണം നല്കുന്നത് യേശുവിന്റെ പരസ്യജീവിതത്തിന്റെ ഏതാണ്ട് സമാപനത്തോടെയാണ്. ഗലീലിയിൽ ആരംഭിച്ച പ്രഘോഷണത്തിന്റെ പരിസമാപ്തിയെന്നോണം ജെറുസലേമിൽ എത്തിയതിനു ശേഷമാണ് ഈ സംഭവം വിവരിക്കുന്നത്. നാലു സുവിശേഷങ്ങളിലും ഈ വിവരണം കാണുന്നതിനാൽ ഇത് പാരമ്പര്യത്തിൽ നിലനിന്നിരുന്നതും സഭാസമൂഹത്തെ സംബന്ധിച്ച് പ്രാധാന്യമുള്ളതുമായ ഒരു സംഭവമായിരുന്നു.

യോഹന്നാൻ സുവിശേഷകൻ ഈ സംഭവം അവതരിപ്പിക്കുന്നത് യേശുവിന്റെ പ്രഘോഷണ ജീവിതത്തിന്റെ പരിസമാപ്തിയെന്ന വിധത്തിലല്ല. യോഹന്നാന്റെ സുവിശേഷമനുസരിച്ച് യേശു പല പ്രാവശ്യം ജറുസലേമിനു പോകുന്നതായി പറയുന്നുണ്ട് (യോഹ 5:1-2; 7:10-11; 10:22-23; 12:12 -13). ഇന്നത്തെ സുവിശേഷ വിവരണത്തിൽ പെസഹാതിരുനാളിനോടനുബന്ധിച്ച് യേശു ജറുസലേമിനു പോയെന്നും ദൈവാലയത്തിൽ പ്രവേശിച്ചുവെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യേശുവിന്റെ ദൈവാലയ ശുദ്ധീകരണ വിവരണത്തിനുമുമ്പ് കാനായിലെ കല്യാണ വിരുന്നിൽ വെള്ളം വീഞ്ഞാക്കി മാറ്റി തന്റെ മഹത്വം വെളിപ്പെടുത്തുകയും ശിഷ്യർ അവനിൽ വിശ്വസിക്കുകയും ചെയ്തിരുന്നു. അതിനുശേഷം തന്റെ മാതാവും ശിഷ്യരുമൊത്ത് കഫർണാമിൽ താമസിച്ചതിനുശേഷമാണ് പെസഹായോടനുബന്ധിച്ച് ജറുസലേമിലേക്കു പോയത്.

സുവിശേഷ ഗ്രന്ഥകർത്താവായ യോഹന്നാൻ ഈ സംഭവം രേഖപ്പെടുത്തിയതെന്തിനാണെന്ന് ഈ വിവരണത്തിൽ രണ്ടിടങ്ങളിലായി ഭംഗ്യന്തരേണ സൂചിപ്പിക്കുന്നുണ്ട്. അതിൽ ഒന്നാമത്തേത് 69-ാം സങ്കീർത്തനത്തിലെ 9-ാം വാക്യത്തോടു ബന്ധപ്പെടുത്തിയാണ് പറയുന്നത്. പെസഹാ തിരുനാളിനോടനുബന്ധിച്ച് ദൈവാലയവും പരിസരങ്ങളും ജനനിബിഡമായിരുന്നു. വിവിധ നാടുകളിൽ നിന്നും അന്യരാജ്യങ്ങളിൽ നിന്നുപോലും ജനങ്ങൾ ദൈവാലയത്തിൽ എത്തിക്കൊണ്ടിരുന്നു. തീർത്ഥാടകർക്കു നേർച്ച കാഴ്ചകൾ സമർപ്പിക്കുന്നതിനായി ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിരുന്നു. അതിന്റെ ഭാഗമായാണ് ബലിമൃഗങ്ങളും, പക്ഷി പറവകളും, ധാന്യങ്ങളും, നേർച്ച സമർപ്പിക്കുന്നതിനാവശ്യമായ ഇസ്രായേൽ നാണയം ഷെക്കൽ കൈമാറ്റം ചെയ്യുന്ന നാണയമാറ്റക്കാരുമെല്ലാം ദൈവാലയത്തിലും പരിസരങ്ങളിലുമായി തടിച്ചുകൂടിയിരുന്നത്. മാത്രമല്ല, ഇത് യഥാർത്ഥത്തിൽ ഒരു കച്ചവടം തന്നെയായിരുന്നു. ദൈവത്തിന്റെയും ദൈവാലയത്തിന്റെയും പേരിലുള്ള കച്ചവടം. അതിന് ദൈവാലയാധികാരികളുടെയും മതനേതാക്കളുടെയും ഒത്താശകളുമുണ്ടായിരുന്നു. ഈ സന്ദർഭത്തിലാണ് യേശു കച്ചവടക്കാരെയെല്ലാം ആട്ടിപായിക്കുന്നത്. അതുകണ്ടപ്പോഴാണ് ശിഷ്യന്മാർ 69-ാം സങ്കീർത്തനം 9-ാം വാക്യം ഓർമ്മിച്ചതെന്ന് സുവിശേഷ ഗ്രന്ഥകർത്താവ് രേഖപ്പെടുത്തുന്നത്. 'അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു' ഇതായിരുന്നു ആ വചനം.

കർത്താവിനെ അവഹേളിക്കുകയും വിശ്വാസസമൂഹത്തിനു ദുഃഖകാരണങ്ങളാവുകയും ചെയ്യുന്ന ആളുകളെക്കുറിച്ചുള്ള വിലാപവും രോദനങ്ങളും ദുഃഖവുമാണ് ഈ സങ്കീർത്തനത്തിലെ പ്രതിപാദന വിഷയം. ദൈവഭവനത്തെക്കുറിച്ചും ദൈവസാന്നിധ്യത്തെക്കുറിച്ചുമുള്ള തീക്ഷ്ണതയാണ് സങ്കീർത്തകനെ ഇപ്രകാരം പറയാൻ പ്രേരിപ്പിച്ചതെങ്കിൽ കർത്താവിന്റെ ആലയത്തെ അവിടുത്തെ സാന്നിധ്യത്തിന്റെ അടയാളത്തെ കച്ചവടസ്ഥലമാക്കി മാറ്റിയതിന്റെ, അതിനെ അശുദ്ധമാക്കിയതിന്റെ ഉത്തരവാദിത്തം പേറുന്ന ഒരു സമൂഹത്തിന്റെ ഹൃദയശൂന്യതയ്ക്കും മ്ലേച്ഛതയ്ക്കും എതിരായിട്ടാണ് യേശു ചാട്ടവാറെടുക്കുന്നത്. അതുകൊണ്ടാണ് ശിഷ്യർ യേശുവിനെ 69-ാം സങ്കീർത്തനത്തോടു ചേർത്തു കാണാൻ ഇടയായത്.

മറ്റൊരു കാര്യം ഇവിടെ ശ്രദ്ധിക്കാനുള്ളത് യേശുവിന്റെ ഈ പ്രവൃത്തിയിൽ യഹൂദർ കോപാകുലരാകുന്നുണ്ട്. എന്നിരുന്നാലും പ്രവാചക ധീരതയോടും അധികാരത്തോടും കൂടിയാണ് അവൻ പ്രവർത്തിക്കുന്നതെന്ന് അവർക്കു ധാരണയുമുണ്ടായിരുന്നു. അതിനാലാണ് അവർ ചോദിക്കുന്നത് എന്തധികാരത്താലാണിത് ചെയ്യുന്നതെന്ന്. കാരണം ആത്മാഭിഷേകവും ദൈവിക കരുത്തുമില്ലാത്തവന് ഇപ്രകാരം പ്രവർത്തിക്കാൻ കഴിയില്ലായെന്ന് അവർക്കറിയാമായിരുന്നു. യഹൂദരുടെ ചോദ്യത്തിന് യേശു തന്റെ ദൗത്യത്തിന്റെ അർത്ഥം പരോക്ഷമായി വെളിപ്പെടുത്തുകയായിരുന്നു. ദൈവാലയം അരൂപിയായ ദൈവത്തിന്റെ സാന്നിധ്യാടയാളമാണെങ്കിൽ ദൈവം തന്നെയായി തന്റെ ഭൗതികത ദൈവാലയത്തിനു തുല്യമായ ശരീരമാണ്. അതു തകർക്കപ്പെട്ടാലും ദൈവശക്തിയാൽ അതു പുനഃസ്ഥാപിക്കപ്പെടുമെന്ന് യേശു പ്രഖ്യാപിച്ചു. എന്നാൽ അവൻ പറഞ്ഞ കാര്യം അവിടെ കൂടി നിന്നവർക്കോ ശിഷ്യർക്കോ മനസ്സിലായില്ലെന്നത് തുടർന്നു വരുന്ന വാക്കുകളിൽ ദൃശ്യമാണ്.

എന്തിനാണ് സുവിശേഷഗ്രന്ഥകാരൻ ഈ സംഭവം രേഖപ്പെടുത്തിയതെന്നതിന്റെ രണ്ടാമത്തെ കാരണം വ്യക്തമാകുന്നത് അദ്ദേഹം തന്നെ രേഖപ്പെടുത്തുന്ന കുറിപ്പിലൂടെയാണ്. ഈ ദൈവാലയം നശിപ്പിക്കുക മൂന്നു ദിവസത്തിനകം ഞാനതു പുനഃരുദ്ധരിക്കാം എന്നു പറയുന്നത് തന്റെ തന്നെ മരണത്തെയും ഉത്ഥാനത്തെയും കുറിച്ചായിരുന്നുവെന്ന് ശിഷ്യർക്കു ബോധ്യമായത് അവന്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷമായിരുന്നുവെന്ന് താഴെ പറയുന്ന വാചകത്തിലൂടെയാണ് യോഹന്നാൻ വെളിപ്പെടുത്തിയത്. താൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ അവൻ ഇതേക്കുറിച്ച് പറഞ്ഞിരുന്നുവെന്ന് ഓർമ്മിക്കുകയും അങ്ങനെ വിശുദ്ധ ലിഖിതവും യേശു പ്രസ്താവിച്ച വചനവും വിശ്വസിക്കുകയും ചെയ്തു. യേശുവിന്റെ പീഡാസഹനമരണോത്ഥാനങ്ങളെ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കാണാനുള്ള ആഹ്വാനമാണ് ഈ വിവരണം.

സുവിശേഷഗ്രന്ഥകാരൻ ദൈവാലയ ശുദ്ധീകരണം വിവരണത്തിലൂടെ സമൂഹത്തിന്റെ വിചിന്തനത്തിന് നല്കുന്നത് – ദൈവസാന്നിധ്യത്തിന്റെ അടയാളമായ ദൈവാലയം അതു തിന്മ ചെയ്യാനുള്ള ഉപകരണമാക്കരുത്.

– ശരീരം ദൈവത്തിന്റെ കൃപാവരങ്ങൾ നിറഞ്ഞ ദൈവസാന്നിധ്യത്തിന്റെ ഉപകരണമാണ് അത് ദുരുപയോഗിക്കരുത്.

– യേശുവിന്റെ പീഡാസഹന മരണോത്ഥാനങ്ങൾ രക്ഷാകരമാണ്. അത് അവിടുത്തെ ദൈവത്വത്തിന്റെ അടയാളവും മനുഷ്യരക്ഷയുടെ കാരണവുമാണ്.

– ഓരോ വ്യക്തിയും ദൈവസാന്നിധ്യത്തിന്റെ അടയാളവും രക്ഷയുടെ ഉപകരണവുമാണെന്നു മനസ്സിലാക്കി ദൈവോന്മുഖമായി തന്നെത്തന്നെ സൂക്ഷിക്കണം, ഉപകാരപ്പെടുത്തണം.